സഊദി നജ്റാനിൽനിന്ന് കഴിഞ്ഞ ദിവസം ഷെബീർ എന്നസുഹൃത്ത് കഴി ഞ്ഞ ദിവസംഅയച്ച മെയിലിനള്ള മറുപടിയാണിത്. മറ്റു ചിലവ്യക്തികളും ഈ വിഷയവുമായി ചിലസംശയങ്ങൾ ചോദിച്ചിരുന്നു. അവരെയും കൂടി പരിഗണിച്ച് സ്ത്രീയെ തൊട്ടാൽ വുളു മുറിയുന്നതിനെക്കുറിച്ചുള്ള വിവര ണമാണിത്.

മാന്യ സുഹൃത്ത് ഷബീർ

താങ്കൾ അയച്ച മെയിൽ കിട്ടി.

താങ്കളുടെ മെയിലിൽ സൂചിപ്പിച്ചതും ഫോണിൽസംസാരിച്ചതിനുമുള്ള മറു പടി താഴെ കുറിക്കുന്നു.

താങ്കളുടെ അളിയൻ താങ്കളോടു പറയുന്ന ന്യായങ്ങൾ താങ്കൾ വിവരിച്ച ല്ലോ, സ്വന്തം ഭാര്യയെ തൊട്ടാൽ വുളു മുറിയുകയാണെങ്കിൽ ആ ഭാര്യ യുമായി ബന്ധപ്പെടുന്നതെങ്ങിനെ അതു വ്യഭിചാരമാകൂലേ എന്നതാണ ല്ലോ താങ്കളുടെ അളിയന്റെചോദ്യം. അദ്യമായി ഒരു കാര്യം നാം മനസ്സിലാ ക്കണം. അതായത് ബിദഈ ചിന്ത എന്നരോഗം മനുഷ്യമനസ്സിൽ ഉടലെ ടുത്താൽ പിന്നെ എല്ലാറ്റിനും അവരവർ തോന്നും വിധത്തിൽ ന്യായീകര ണം കണ്ടെത്തുകയാണ് ചെയ്യുന്നത്. അത് ആരോഗത്തിന്റെ പ്രത്യക തയാണ്. അത്തരം രോഗങ്ങളിൽനിന്ന് നമ്മെ അല്ലാഹുകാക്കട്ടെ. ആമീൻ.

സ്വന്തം ഭാര്യയെ തൊട്ടാൽ വുളുമുറിയുമെങ്കിൽ ആ ഭാര്യയെ നാം എങ്ങ നെയാണ് സമീപിക്കുന്നത് അത് വ്യഭിചാരമാകൂലേ എന്ന അദ്ദേഹത്തിന്റെ ചോദ്യത്തിന് തോട്ടാൽ വുളു മുറിയാത്തതും വുളു മുറിയുന്നതുമാണോ അവരുമായി ബന്ധപ്പെടാനുള്ള മാനദണ്ഡം ? തൊട്ടാൽ വുളു മുറിയാ ത്തവരെയെല്ലാം നമുക്ക് സമീപിക്കുവാൻ പറ്റുമോ ? നമ്മുടെ മാതാക്കൾ സഹോദരിമാർ തുടങ്ങിയവരെ തൊട്ടാൽ വുളു മുറിയില്ലല്ലോ. ഇതെക്കു റിച്ച് അത്തരക്കാർക്ക് വല്ല മറുപടിയും ഉണ്ടോ ?

നമ്മുടെ ബുദ്ധിക്കനുസരിച്ച് ഇസ്ലാമിനെ മനസ്സിലാക്കാൻ നിന്നാൽ ഇസ് ലാമിൽ നിന്ന് പലതും നാംവെട്ടി നിരത്തേണ്ടിവരും. ഇസ്ലാമിനെ നിഷേ ധിക്കുന്ന യുക്തിവാദികൾ പറയുന്നതും അവരുടെ ബുദ്ധിക്കനുസരിച്ചാ ണ്. അവർക്ക് ബുദ്ധിയില്ലായെന്ന് ആരെങ്കിലും പറയുമോ ?

സ്ത്രീകളെ തൊട്ടാൽ വുളു മുറിയുന്നതിനെക്കുറിച്ചും അത് പോലെ ഭാര്യയെതൊട്ടാൽ വുളു മുറിയുന്നതിനെക്കുറിച്ചും നമുക്ക് പ്രത്യേകമായി ഒന്നും പറയാനില്ല. പൂർവ്വീക പണ്ഡിതർ എന്തു പറഞ്ഞോ അത് നാം സ്വീ കരിക്കുകയാണ് വേണ്ടത്. അതിൽ നിന്ന് ചിലരുടെ അഭിപ്രായം എടു ക്കാം മറ്റു ചിലരുടെ അഭിപ്രായങ്ങൾ തള്ളിക്കളയാം എന്നത് നല്ല ശൈലി യല്ല. ഇഷ്ടമുള്ളത് സ്വീകരിക്കുന്നതോടുകൂടി മറ്റുള്ളവയെ ആദരിക്കു കയും ചെയ്യുക എന്നതാണ് ഈമാനുള്ളവർ ചെയ്യേണ്ടത്.

സ്ത്രീകളെയും അത് പോലെ സ്വന്തം ഭാര്യയെയും തൊട്ടാൽ വുളു മുറിയുന്നതിനെക്കുറിച്ചു പൂർവീകർ പറഞ്ഞ കാര്യങ്ങൾ താഴെകുറിക്കുന്നു. സത്യം സത്യമായി മനസ്സിലാക്കുവാനും അതുൾക്കൊണ്ട് ജീവിക്കുവാനും നാഥൻ നമ്മെ തുണക്കട്ടെ. ആമീൻ

( فرع ) في مذاهب العلماء في اللمس قد ذكرنا أن مذهبنا أن التقاء بشرتي الأجنبي والأجنبية ينقض سواء أكان بشهوة وبقصد أم لا ، ولا ينتقض مع وجود حائل وإن كان رقيقا . وبهذا قال عمر بن الخطاب وعبد الله بن مسعود وعبد الله بن عمر وزيد بن أسلم ومكحول والشعبي والنخعي وعطاء بن السائب والزهري ويحيى بن سعيد الأنصاري وربيعة وسعيد بن عبد العزيز وهي إحدى الروايتين عن الأوزاعي . " المذهب الثاني " لا ينتقض الوضوء باللمس مطلقا وهو مروي عن ابن عباس وعطاء وطاوس ومسروق والحسن وسفيان الثوري وبه قال أبو حنيفة ، لكنه قال إذا باشرها دون الفرج وانتشر فعليه الوضوء . " المذهب الثالث " إن لمس بشهوة انتقض وإلا فلا ، وهو مروي عن الحكم وحماد ومالك والليث وإسحاق ، ورواية عن الشعبي والنخعي وربيعة والثوري . وعن أحمد

അന്യസ്ത്രീകളെ തൊട്ടാൽ ഉളുമുറിയുമോ ഇല്ലയോ ? എന്ന വിഷയത്തിൽ പണ്ഡിതരുടെ ഇടയിൽ പലഅഭിപ്രായങ്ങളുമുണ്ട് ഉമർ ഇബ്നു ഖത്വാബ്, അബ്ദുള്ളാഹിബനുമസ്ഊദ്, അബ്ദുള്ളാഹി ബിനു ഉമർ, സൈദ്ബിനു അസ്ലം, തുടങ്ങിയുള്ള സ്വഹാബികളും. മക്ഹൂൽ, ശഅബി, നഖ്ഈ, അ ത്വാഹ്ബിനുസാബിത്, അബ്ദുൽഅസീസ്(റ) തുടങ്ങി യുള്ള താബിഉകളും, നിരുപാധികം ഉളുമുറിയും എന്നാണ് പറയുന്നത്. ഇമാം ശാഫി(റ)ഈപക്ഷക്കാരനാണ്.

മറ്റൊ രുഅഭിപ്രായം: നിരുപാതികം വുളുമുറിയില്ല എന്നാൺ.ഇബ്നു അ ബ്ബാസ്(റ), അത്വാഹ്, ത്വാഊസ്, ഹസനു, സുഫ് യാൻസൗരി(റ) തുടങ്ങി യവർ ഈ അഭിപ്രായക്കാരാണ് ഇമാം അബൂഹനീഫ(റ) ഈ അഭിപ്രായമാണ്പ്രഘടിപ്പിച്ചിട്ടുള്ളത്.

മറ്റൊരു അഭിപ്രായം: വികാരത്തോടെയാണങ്കിൽ ഉളുമുറിയും എന്നും, അല്ലങ്കിൽ വുളുമുറിയില്ല എന്നുമാണ്. ഹാകം, ഹമ്മാദ്, ലൈസ്, ഇസ്ഹാഖ്(റ)തുടങ്ങിയവർ ഈ അഭിപ്രായമാണുപറഞ്ഞത് ഇമാം മാലിക്ക്, ഇമാം അഹ് മദ്ബിനു ഹൻബൽ(റ)വും ഈപക്ഷത്താണ് . (ശറഹുൽ മുഹദബ്:വാ:2,പേ:30,31)

വുളുമുറിയുംഎന്ന് പറയുന്ന ഇമാം ശാഫി(റ) അടക്കമുള്ളവർപറയുന്നതെളിവ് വശുദ്ധഖുർആനിലെ ഈ ആയത്താണ്

يَا أَيُّهَا الَّذِينَ آمَنُوا لَا تَقْرَبُوا الصَّلَاةَ وَأَنْتُمْ سُكَارَى حَتَّى تَعْلَمُوا مَا تَقُولُونَ وَلَا جُنُبًا إِلَّا عَابِرِي سَبِيلٍ حَتَّى تَغْتَسِلُوا وَإِنْ كُنْتُمْ مَرْضَى أَوْ عَلَى سَفَرٍ أَوْ جَاءَ أَحَدٌ مِنْكُمْ مِنَ الْغَائِطِ أَوْ لَامَسْتُمُ النِّسَاءَ فَلَمْ تَجِدُوا مَاءً فَتَيَمَّمُوا صَعِيدًا طَيِّبًا فَامْسَحُوا بِوُجُوهِكُمْ وَأَيْدِيكُمْ إِنَّ اللَّهَ كَانَ عَفُوًّا غَفُورًا

ഇനി നിങ്ങൾ രോഗികളോ യാത്രയിലോ ആയാൽ അല്ലെങ്കിൽ നിങ്ങളിൽ

ആരെങ്കിലും മലമൂത്രവിസർജനം ചെയ്തുവന്നാൽ അല്ലെങ്കിൽ സ്ത്രീക ളെ തൊട്ടാൽ എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടാതെ വന്നവെങ്കിൽ ശുദ്ധി യുള്ള മണ്ണ് ഉദ്ദേശിക്കകയും അത് കൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈ കളും തടവുകയുംചെയ്യുക. നിശ്ചയമായും അല്ലാഹു വളരെ മാപ്പ് ചെയ്യു ന്നവനം ഏറ്റവും പൊറുക്കന്നവനമാകുന്ന ( സൂറത്ത് അന്നിസാഅ് 43 )

**ആയത്തിന്റെ വിവരണം :**

ജനാബത്തുകാർ കുളിക്കാതെ നിസ്കരിക്കരുതെന്ന് പറഞ്ഞതിനെ തുടർ ന്നു വെള്ളം ഉപയോഗിക്കുവാൻ കഴിയാതെ വരുന്ന ഘട്ടങ്ങളിൽ എന്തു ചെയ്യണമെന്ന് വിവരിച്ചിരിക്കുകയാണ് വെള്ളം ഉപയോഗിക്കുന്നതിനാൽ രോഗിക്ക് ദോഷം നേരിടുമെങ്കിൽ തയമ്മും ചെയ്യണം. യാത്രക്കാരനും മലമൂത്ര വിസർജ്ജനത്താലോ സ്ത്രീകളെ തൊട്ടതിനാലോ അശുദ്ധി ബാ ധിച്ചവരും വെള്ളം ലഭിക്കാത്ത പക്ഷം തയമ്മും ചെയ്യണം لامستم النساء എന്ന വാക്യാംശത്തിന്നാണ് സ്ത്രീകളെ തൊട്ടാൽ എന്ന് ഇവിടെ നാം അർത്ഥം കൊടുത്തിരിക്കുന്നത് ബഹു : ഇബ്നു മസ് ഊദ്, ഇബ്നു ഉമർ (റ) തുടങ്ങി അനേകംമഹാന്മാരുടെ അഭിപ്രായമാണിത്.സ്ത്രീകളെ തൊട്ടാൽ വുളു മുറിയുമെന്ന് ഇതിൽ നിന്ന് തെളിയുന്നു. ഇമാം ശാഫിഈ, മാലിക്ക് എന്നിവരുടെ മദ്ഹബും, ഇമാം അഹ്മദിന്റെ(റ)പ്രസിദ്ധമായ അഭിപ്രായവും അങ്ങനെയാണ്. لامستم (ലാമസ്തും) എന്ന വാക്കിനെ لمستم (ലമസ്തും) എന്നും സുപ്രസിദ്ധഖാരിഉകൾ ചിലർഓതിയിട്ടുണ്ട്. 'ലംസ്' എന്ന വാക്കി ന്നു ഭാഷയിലും ശർഇലും തൊടുക എന്ന അർത്ഥമുണ്ട്. ഖുർആൻ ( 6-7 )ൽ തൊടുക എന്ന അർത്ഥത്തിന് لمس (ലമസ) എന്ന വാക്കാണ് ഉപയോ ഗിച്ചിട്ടുള്ളത്. മാഇസ് എന്ന സ്വഹാബിയോട് ' നീ അവളെ ചുംബിച്ചതോ തൊട്ടതോ ആവാം ' എന്നം കയ്യിന്റെ വ്യഭിചാരം തൊടലാണ് എന്നും നബി(സ) പറഞ്ഞ ഹദീസുകളിൽ 'തൊടുക' എന്ന അർത്ഥത്തിന്ന് 'ലംസ്' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. നബി(സ) മുലാമസത്തിന്റെ കച്ചവടം നിരോധിച്ചു( ബുഖാരി, മുസ്ലിം) എന്ന ഹദീസിൽ അങ്ങോട്ടുമിങ്ങോട്ടും തൊടുക എന്ന അർത്ഥത്തിനു ' മുലാമസത്ത് എന്ന വാക്കാണുള്ളത് ' ലംസ് ' എന്ന വാക്കിന്നു തൊടുക എന്ന അർത്ഥം അറബി നിഘണ്ടുകളിൽ എല്ലാം കാണാം.

عن ابن شهاب عن سالم بن عبد الله بن عمر عن أبيه " قال **قبلة الرجل امرأته وجسها بيده من الملامسة** ، فمن قبل امرأته أو جسها بيده فعليه الوضوء

അബ്ദുള്ളാഹിബിനു ഉമർ(റ) ഉദ്ധരിക്കുന്ന ഈ ഹദീസാണ്, ഒരാൾ തന്റെ ഭാര്യയെ ചുബിക്കുന്നത് തൊടുന്നതിലും സ്പർശിക്കുന്നതിലും പെട്ടതാ ണെന്നും അതുകൊണ്ട് വല്ലവനും തന്റെ ഭാര്യയെ ചുംബിച്ചാൽ അവൻ വുളു എടുത്തു കൊള്ളട്ടേ,

അപ്പോൾ ബുഖാരിയിലും മറ്റുമുള്ള ആയിശാബീവി നബി(സ) നിസ്കരി ക്കുമ്പോൾ തൊട്ടു എന്നതും, നബി(സ)വുളു എടുത്തതിനു ശേഷം ഭാര്യ

മാരെ ചുംബിക്കാറുായിരുന്നു എന്നതും മറയോടു കൂടിയാവാനാണ് സാധ്യത എന്നാണ്ഈ പക്ഷക്കാരുടെ അഭിപ്രായം ( ശറഹുൽ മുഹദബ് )

ഇത്രയും വിവരിച്ചതിൽ നിന്നു ഇത് സംബന്ധമായ സംശയം തീരുമെന്നു മനസ്സിലാക്കുന്നു.

സി. പി. അബ്ദുല്ല ചെരുമ്പ

Mobile ; 00971 50 7927429

www.islamkerala.com

# വിവാഹം കഴിക്കൽ ഹറാമായവർ

# തൊട്ടാൽവുളൂഅ് മുറിയാത്തവർ

സ്ത്രീയെ തൊട്ടാൽ വുളുഅ് മുറിയുന്നതിനെക്കറിച്ചു കഴിഞ്ഞ ദിവസം നാം അയച്ച മെയിലിനു മറുപടിയായി ഏതൊക്കെസ്ത്രീയെ തൊടാം എതൊക്കെ സ്ത്രീയെ തൊട്ടുകൂടാ എന്ന് ചോദിച്ചു മുസ്തഫ എന്ന സഹോദരൻ ഇ-മെയിൽ വഴിയും മറ്റു ചിലർ ഫോണിലൂടെയും ചോദിച്ചിരുന്നു. അതിനു മറുപടി : വിവാഹംകഴിക്കൽ ഹറാമായവരെയൊക്കെ തൊടാവുന്നതും തൊട്ടാൽ വുളുഅ് മുറിയാത്തതുമാണ്. ഇതിന് ചിലപ്പോൾ ആരെയൊക്കെ വിവാഹം കഴിക്കാമെന്ന് ചോദ്യം വരാമെന്ന നിലക്ക് അതെക്കറിച്ചു വിശുദ്ധ ഖുർആനിൽ വന്ന വിവരണമാണ് താഴെ കൊടുത്തിട്ടുള്ളത്.



يا أيُّها الَّذين آمنُوا لا يحلُّ لكُمْ أن ترثُوا النِّساء كرْهًا ولا تعْضُلُوهُنَّ لتذْهبُوا ببعْض ما آتيْتُمُوهُنَّ إلاَّ أن يأتين بفاحشةٍ مُّبيِّنةٍ وعاشرُوهُنَّ بالْمعْرُوف فإن كرهْتُمُوهُنَّ فعسى أن تكْرهُوا شيْئًا ويجْعل اللّهُ فيه خيْرًا كثيرًا

“സത്യവിശ്വാസികളേ, സ്ത്രീകളെ നിർബന്ധപൂർവ്വം അനന്തരവകാശമായി കൈവശം വെക്കാൻ നിങ്ങൾക്ക് പാടുള്ളതല്ല അവർക്ക് കൊടുത്തതിൽ നിന്ന് ഒരംശം സ്വയം തന്നെ കരസ്ഥമാക്കിക്കൊണ്ട് പോകേണ്ടതിനായി അവരെ തടഞ്ഞു വെക്കലും നിങ്ങൾക്ക് പാടുള്ളതല്ല. അവർ വ്യക്തമായ വല്ല ദുർവൃത്തിയിലും ഏർപ്പെട്ടാൽ ഒഴികെ. അവരോട് നല്ല നിലക്ക് വർത്തിക്കുക ഇനി അവരോട് വെറുപ്പ് തോന്നിയാൽ (ക്ഷമിക്കുക, എന്ത് കൊണ്ടെന്നാൽ) നിങ്ങൾ ഒരു സാധനത്തെ വെറുക്കുകയും അല്ലാഹു അതിൽ നിങ്ങൾക്ക് ധാരാളം നന്മഉൾക്കൊള്ളിക്കുകയും ചെയ്തെന്ന്വന്നേക്കാം” (അന്നിസാഅ് 19)

وإن أردتُّمُ استِبْدال زوْج مَّكان زوْج وآتيْتُمْ إحْداهُنَّ قِنطارًا فلا تأْخُذُوا منْهُ شيْئًا أتأْخُذُونهُ بُهْتانًا وإثْمًا مُّبِينًا

ഒരു ഭാര്യയുടെ സ്ഥാനത്ത് വേറെ ഒരു ഭാര്യയെ സ്വീകരിക്കുവാൻ നിങ്ങൾ ഉദ്ദേശിച്ചു : അവരിൽ ഒരാൾക്ക് നിങ്ങൾ ധാരാളം ധനം നൽകിയിട്ടുണ്ടായിരുന്നുതാനും, എന്നാൽ അതിൽ നിന്ന് ഒന്നും തന്നെ മടക്കി വങ്ങരുത്. അക്രമമായും വ്യക്തമായ പാപമായും നിങ്ങൾ അത് മടക്കി വാങ്ങുകയോ ? (അന്നിസാഅ് 20 )

വിവരണം :

അറബികൽ സ്ത്രീകളോട് അനവർത്തിച്ചു പോന്നിരുന്ന മാന്യോചിതമല്ലാത്ത പലകാര്യങ്ങളുമുണ്ടായിരുന്നു. അത്തരം ചിലക്രൂരമായ പെരുമാറ്റങ്ങളെ ഈ വാക്യങ്ങളിൽ അല്ലാഹുനിരോധിച്ചിരിക്കുകയാണ്. ജാഹിലിയ്യാകാലഘട്ടത്തിൽ ഒരാൾ മരണപ്പെട്ടാൽ പരേതന്റെ അടുത്ത ബന്ധുക്കൾ അയാളുടെ ഭാര്യയുടെയും അവകാശികളായിരുന്നു. എന്നിട്ട് അവരിൽ ആരെങ്കിലും വേണമെങ്കിൽ അവളെ വിവാഹം ചെയ്യും. അല്ലെങ്കിൽ മാറ്റാർക്കെങ്കിലും വിവഹം ചെയ്തു കൊടുക്കും. ചിലപ്പോൾ തീരെ വിവാഹം ചെയ്യാതെ നിറുത്താവുന്നതുമാണ്. ഇതിലൊന്നും അവളുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിക്കാറില്ല. അവർ ചെയ്യുന്നതെന്തും സ്വീകരിക്കുവാൻ അവൾ നിർബന്ധിതയാണ്. മാത്രമല്ല, സ്വയം വിവാഹംചെയ്യുമ്പോൾ മഹ്റ് നൽകുകയേ ഇല്ല. മറ്റൊരാൾക്ക് വിവാഹം ചെയ്തു കൊടുക്കുന്നതാവട്ടെ, അവൾക്ക് കിട്ടുന്ന മഹ്റ് കീശയിലാക്കാനായിരുന്നുതാനും. തികച്ചും കിരാതവും പ്രാകൃതവും ഹീനവുമായ ഈ ദുർവൃത്തികളെ അല്ലാഹു നിരോധിച്ചു.

ഭാര്യമാരോട് വല്ലവെറുപ്പുമുണ്ടായാൽ അവരോട് അനുഭാവശൂന്യമായി പെരുമാറിവന്നിരുന്നവരാണ് മറ്റു ചിലർ. ഈ വെറുപ്പും ഒരു തരം അഭിനയം തന്നെയായിരുന്നു. ഭർത്താവ് ഭാര്യക്ക് കൊടുത്തതോ കൊടുക്കേണ്ടതോ ആയ മഹ്റ് മുതലായ അവകാശം മുഴുവനോ അതിൽ ഒരംശമോ വിട്ടുകൊടുത്തുകൊണ്ട് വിവാഹമോചനത്തിന്നു അവൾ തയ്യാറാവാൻ വേണ്ടിയാണ് അങ്ങനെ ചെയ്തിരുന്നത്. അതും അല്ലാഹു നിരോധിച്ചിരിക്കുകയാണ്. എന്നാൽ വ്യഭിചാരം, ഭർത്താവിനോടുള്ള അനുസരണക്കേട്, നാവു കൊണ്ടോ മറ്റോ അയാളെ ശല്യപ്പെടുത്തൽ മുതലായ ദുർവൃത്തികൾ അവളിൽ നിന്നുണ്ടായാൽ കൊടുത്തത് മടക്കിക്കിട്ടേണ്ടതിനായി അവളോട് പരുഷമായി പെരുമാറാവുന്നതാണ്. സാധാരണഗതിയിൽ വാക്കിലും പ്രവൃത്തിയിലും നല്ല നിലയിൽ അവരുമായി വർത്തിക്കുകയാണു വേണ്ടത്.. സൗന്ദര്യം കുറഞ്ഞത്

കൊണ്ടോ മറ്റോ നിങ്ങൾക്ക് അവരോട് പ്രേമക്കുറവ്തോന്നിയാലും അക്ഷമരായി ഉടനടി വിവാഹ ബന്ധം വേർപ്പെടുത്തരുത്.. അവളിൽ നിന്ന് നല്ലവരായ സന്താനങ്ങളെ നൽകിയും മറ്റും നിങ്ങൾക്ക് പല നന്മയും അവളിൽ അല്ലാഹു വെച്ചിട്ടുണ്ടായേക്കാം.

وكَيْفَ تَأْخُذُونَهُ وقَدْ أَفْضَى بَعْضُكُمْ إِلَى بَعْضٍ وأَخَذْنَ مِنكُم مِّيثَاقًا غَلِيظًا

നിങ്ങൾ എങ്ങനെയാണത് മടക്കിവാങ്ങുക! (അത് ഒട്ടും തന്നെ ന്യായീകരിക്കത്തക്കതല്ല) നിങ്ങൾ അന്യോന്യം (പ്രേമബദ്ധരായി)കൂടിച്ചേരുകയും (വിവാഹ വേളയിൽ) അവർ (ഭാര്യമാർ) നിങ്ങളുടെ പക്കൽ നിന്ന് ശക്തിമത്തായ കരാർ വാങ്ങുകയും ചെയ്തിട്ടുണ്ടല്ലോ! ( അന്നിസാഅ് 21)

വിവരണം :

ഒരുഭാര്യയെവിട്ട് (നിർബന്ധിതാവസ്ഥയിൽ) മറ്റൊരു ഭാര്യയെ സ്വീകരിക്കാനുദ്ദേശിച്ചാൽ വിടുന്നവൾക്ക്  മഹ്റായോ മറ്റോ എത്രയധികം ധനം കൊടുത്തിട്ടുണ്ടെങ്കിലും അതിൽനിന്നു ഒന്നും മടക്കി വാങ്ങരുത് എന്നാണിവിടെ പറയുന്നത്. അങ്ങേയറ്റം ഹീനവും ലജ്ജാകരവുമാണ് ആപ്രവൃത്തി എന്ന് അൽപം ആലോചിച്ചാൽ മനസ്സിലാകും. ഖുർആന്റെ ഇവിടെത്തെ ശൈലിയും അത് വ്യക്തമാക്കുന്നുണ്ട്. ഒട്ടും മാന്യോചിതമല്ലാത്ത ഈപ്രവൃത്തി പോലും ചിലരൊക്കെ ചെയ്തുവരുന്നുണ്ടെന്നത് അങ്ങേയറ്റം ആക്ഷേപാർഹമാണ്. അത് അക്രമവും സ്പഷ്ടമായ പാപവുമൊക്കെയാണെന്നു പഠിപ്പിക്കുന്ന ഖുർആൻ, നിങ്ങളതെങ്ങനെ വാങ്ങും എന്നാണ് സഗൗരവം ചോദിക്കുന്നത്. അന്യോന്യം കൂടിച്ചേരുക എന്നതിന്റെ ഉദ്ദേശ്യം സംയോഗം ചെയ്യുക എന്നാണ്. ഗംയോഗം മൂലമാണ് ഭർത്താവിന്റെ മേൽ ഭാര്യയുടെ മഹ്റ് സ്ഥിരപ്പെടൽ. ശക്തിമത്തായ കരാർ എന്നത് കൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് (നല്ല നിലയിൽ കൂടെ നിറുത്തുക, അല്ലെങ്കിൽ നല്ല നിലയിൽ വിട്ടയക്കുക) എന്നതാണെന്നാകുന്നു ഒരഭിപ്രായം. വിട്ടയക്കുമ്പോൾ നല്ല നിലയിൽ വിട്ടയക്ക്ക്കണമെന്ന കൽപന അനുസരിച്ച് കൊണ്ടാണല്ലോ വിവാഹത്തിന്നു തയ്യാറായത്. എന്നാൽ നിങ്ങൾ അവർക്ക് കൊടുത്തതിൽ നിന്ന് വല്ലതും മടക്കി വാങ്ങി വിട്ടയക്കുന്നത് നല്ല നിലയിൽ വിട്ടയക്കൽ അല്ല എന്നർത്ഥം.

ولا تَنكِحُواْ مَا نَكَحَ آبَاؤُكُم مِّنَ النِّسَاء إِلاَّ مَا قَدْ سَلَفَ إِنَّهُ كَانَ فَاحِشَةً وَمَقْتًا وَسَاء سَبِيلاً

സ്വന്തം പിതാക്കൾ വിവാഹം ചെയ്ത സ്ത്രീകളെ നിങ്ങൾ വിവാഹം ചെയ്യരുത്. പക്ഷെ, മുമ്പ് കഴിഞ്ഞ് പോയത് (മാപ്പ് ചെയ്യപ്പെട്ടിരിക്കുന്നു.) നിശ്ചയമായും അത് അതിനീചവൃത്തിയും കോപഹേതുകവുമാകുന്നു. അതെത്രദുഷിച്ച മാർഗ്ഗം! (അന്നിസാഅ് 22)

**വിവരണം :**

അറബികൾക്കിടയിലുള്ള നടപടിയായിരുന്ന മറ്റൊരു ചീത്ത കാര്യമാണ് പിതാവിന്റെ ഭാര്യയെ അവളുടേതല്ലാത്ത പുത്രൻ വിവാഹം ചെയ്യൽ. പരിശുദ്ധ ഇസ്‌ലാം അത്കഠിനമായി നിരോധിച്ചിരിക്കുന്നു. പിതാക്കളോടുള്ള ആദരവും ബഹുമാനവുമാണ് അത് നിരോധിച്ചതിൽ മുന്നിട്ട് നിക്കുന്നത്. അത് നീചവൃത്തിയാണ് എന്ന് പറഞ്ഞു വിലക്കുകയാണ് ഖുർആൻ. നീചവൃത്തികളോട് അതിൽ നിന്ന് പ്രത്യക്ഷമായതിനോടും പരോക്ഷമായതിനോടും നിങ്ങൾ അടുക്കരുത് എന്ന് 6/151ൽ അല്ലാഹു നിരോധിച്ചതായും കാണാം. ഇത്തരം വിവാഹങ്ങൾ പലതും അജ്ഞതാകാലത്ത് കഴിഞ്ഞ് പോയിട്ടുണ്ട്. എന്നാൽ അതൊക്കെ മാപ്പ്ചെയ്യപ്പെടും. ഈകൽപന കിട്ടുന്നതിനുമുമ്പ് കഴിഞ്ഞ് പോയ വിവാഹം ദുർബലപ്പെടുത്തേണ്ടതില്ല എന്നാണ് (إلاّ ما قدْ سلف) മുമ്പ് കഴിഞ്ഞ് പോയതൊഴികെ. എന്നതിന്റെ വിവക്ഷ.

അബൂ ഖൈസിബ്നുൽ അസ്‌ലത്(റ) മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ പിതാവിന്റെ ഭാര്യയെ വിവാഹാലോചന നടത്തി. അപ്പോൾ അവർ പറഞ്ഞു. ഞാൻ നിന്നെ എന്റെ സ്വന്തം മകനെപ്പോലെയാണ് ഗണിക്കുന്നത്! എങ്കിലും നബി(സ)യോട് ഞാൻ കാര്യമന്വേഷിക്കാം. അവർ പ്രവാചക സന്നിധിയിൽ ചെന്ന് തന്റെ ഭർതൃപുത്രൻ (പിറക്കാത്തമകൻ) തന്നെ വിവാഹാലോചന നടത്തുന്ന കാര്യം ബോധിപ്പിച്ചു. അപ്പോഴാണ് ഈ സൂക്തം അവതരിച്ചത് (ഖുർഥുബി 5/104)

حُرِّمَتْ عَلَيْكُمْ أُمَّهَاتُكُمْ وَبَنَاتُكُمْ وَأَخَوَاتُكُمْ وَعَمَّاتُكُمْ وَخَالاَتُكُمْ وَبَنَاتُ الأَخِ وَبَنَاتُ الأُخْتِ وَأُمَّهَاتُكُمُ اللاَّتِي أَرْضَعْنَكُمْ وَأَخَوَاتُكُم مِّنَ الرَّضَاعَةِ وَأُمَّهَاتُ نِسَآئِكُمْ وَرَبَائِبُكُمُ اللاَّتِي فِي حُجُورِكُم مِّن نِّسَآئِكُمُ اللاَّتِي دَخَلْتُم بِهِنَّ فَإِن لَّمْ تَكُونُواْ دَخَلْتُم بِهِنَّ فَلاَ جُنَاحَ عَلَيْكُمْ وَحَلاَئِلُ أَبْنَائِكُمُ الَّذِينَ مِنْ أَصْلاَبِكُمْ وَأَن تَجْمَعُواْ بَيْنَ الأُخْتَيْنِ إَلاَّ مَا قَدْ سَلَفَ إِنَّ اللّهَ كَانَ غَفُورًا رَّحِيمًا

\n§ fpsS amXm¡ fpw ]p{Xnamcpw k t I mZcn I fpw ]nXrk t I mZcn I fpw amXrk t I mZcn I fpw k t I mZc ]p{Xn I fpw k t I mZco ]p{Xn I fpw നിങ്ങൾക്ക് മുല തന്ന മാതാക്കളും മുലകുടി ബന്ധത്തിലുള്ള സഹോദരികളും ഭാര്യമാരുടെ മാതാക്കളും നിങ്ങൾ പ്രവേശിച്ചു കഴിഞ്ഞ ഭാര്യമാരിൽ നിന്നുള്ള നിങ്ങളുടെ രക്ഷയിലിരിക്കുന്ന വളർത്തു പുത്രിമാരും നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവരിൽ(ആഭാര്യമാരിൽ) നിങ്ങൾ പ്രവേശിച്ചിട്ടില്ലെങ്കിൽ അവരുടെ പുത്രിമാരെ (വിവാഹം ചെയ്യൽ) നിങ്ങൾക്ക് വിരോധമില്ല. നിങ്ങളുടെ സ്വന്തം പുത്രന്മാരുടെ ഭാര്യമാരും രണ്ട് സഹോദരിമാരെ (ഒരേ അവസരത്തിൽ വിവാഹബന്ധത്തിൽ) ഒരുമിച്ചു കൂട്ടുന്നതും (നിഷിദ്ധമാണ്.) എന്നാൽ മുമ്പ് കഴിഞ്ഞ് പോയതിനു വിരോധമില്ല. നിശ്ചയമായും അല്ലാഹു ഏറ്റവും പൊറുക്കുന്നവനും പരമകാരുണികനും ആയിരിക്കുന്നു. (അന്നിസാഅ് 23)

വിവരണം :

പിതാവ് വിവാഹം കഴിച്ച സ്ത്രീയെ പുത്രൻ വിവാഹം ചെയ്യാൻ പാടില്ലെന്ന് പ്രസ്താവിച്ചതിനെ തുടർന്നു വിവാഹം നിഷിദ്ധമായ മറ്റു വിഭാഗങ്ങളെ വിവരിച്ചിരിക്കുകയാണ്. രക്ത ബന്ധം, മുലകടി ബന്ധം, വിവാഹ ബന്ധം എന്നീ മൂന്ന് കാരണങ്ങളാൽ വിവാഹം നിഷിദ്ധമാകും. രക്തബന്ധത്താൽ നിഷിദ്ധമാകുന്നത് ഇവരാണ്. (1) മാതാവ്, മാതാവിനെ പോലെതന്നെയാണ് പിതാമഹികളും മാതാമഹികളും. (2)പുത്രിമാർ, അവരെപോലെതന്നെയാണ് സന്താനങ്ങളുടെ പുത്രിമാരും. പുത്രിമാർ എന്ന് പറഞ്ഞതിൽ വ്യഭിചാരത്തിൽ പിറന്ന പുത്രിയും ഉൾപ്പെടുമെന്നാണ് മൂന്ന് ഇമാമുകളുടെയും മദ്ഹബ്. എന്നാൽ അവൾ അനന്തരവകാശത്തിനു അർഹയല്ലെന്നു ഇജ്മാഅ് ഉണ്ടായത് കൊണ്ടും ശറഇൽ പുത്രി അല്ലാത്തത് കൊണ്ടും ഉൾപ്പെടുകയില്ലെന്നാണ് ഇമാം ശാഫിഈ (റ)വിന്റെ മദ്ഹബ്. (3) പിതാവിന്റെയോ മാതാവിന്റെയോ ഭാഗത്തുകൂടിയുള്ള സഹോദരിമാർ (4) പിതാവിന്റെയോ പിതാമഹന്റെയോ മാതാമഹന്റെയോ സഹോദരിമാർ (5) മാതാവിന്റെയോ മാതാമഹിയുടെയോ പിതാമഹിയുടെയോ സഹോദരിമാർ (6) സഹോദരന്റെയോ അവന്റെ സന്താനങ്ങളുടെയോ പുത്രിമാർ(7) സഹോദരിയുടെയോ അവളുടെസന്താനങ്ങളുടെയോ പുത്രിമാർ.

മുല കുടി ബന്ധത്താൽ നിഷിദ്ധമാകുന്നവരിൽ നിന്ന് മുലപ്പാൽ കൊടുത്ത സ്ത്രീയേയും മുലകുടി ബന്ധത്താലുണ്ടാകുന്ന സഹോദരിമാരെ യും മാത്രമാണ് ഖുർആനിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ രക്തബന്ധം മൂലം വിവാഹ നിരോധിക്കപ്പെട്ടവരെല്ലാം മുലകുടിബന്ധം മൂലവും നിഷിദ്ധമാകുമെ ന്ന് നബി(സ) അരുൾ ചെയ്തിട്ടുണ്ട്. ( ബുഖാരി, മുസ്‌ലിം )

വിവാഹ ബന്ധം മൂലം നിഷിദ്ധമാകുന്നവർ താഴെ പറയുന്നവരാകുന്നു. (1) ഭാര്യമാരുടെ മാതാക്കൾ, ഭാര്യാമാതാവിന്റെ മാതാവും ഭാര്യാപിതാവിന്റെമാതാവും അപ്രകാരം തന്നെയാണ്.(2) സംയോഗം നടന്ന് കഴിഞ്ഞ ഭാര്യമാരുടെ പുത്രിമാർ, നിങ്ങൾ പ്രവേശിക്കുക എന്നതിന്റെ വിവക്ഷ ഇവിടെ സംയോഗം നടത്തുക എന്നാണ്. ഭാര്യക്ക് മറ്റൊരു ഭർത്താവിൽ ജനിച്ച ആ പെൺകുട്ടികളെ സംബന്ധിച്ചു നിങ്ങളുടെ രക്ഷയിലിരിക്കുന്ന വളർത്തു പുത്രിമാർ എന്ന് പറഞ്ഞത്, സംരക്ഷണത്തിൻ കീഴിൽ തന്നെ ആയിരിക്കണം എന്നത് ഒരു വ്യവസ്ഥ ആയിട്ടല്ല. മറിച്ച്, സാധാരണയായി കുട്ടികളുള്ള സ്ത്രീയെ വിവാഹം ചെയ്താൽ ആദ്യ ഭർത്താവിൽ ജനിച്ച കുട്ടികൾ രണ്ടാമത്തെ ഭർത്താവി ന്റെ കൂടെ താമസിക്കൽ പതിവുള്ളത് കൊണ്ട് അങ്ങനെ പറഞ്ഞതാണ്. ഇങ്ങനെ വിവാഹംചെയ്ത ഭാര്യയെ സംയോഗം ചെയ്യുന്നതിനു മുമ്പ് വിവാഹ ബന്ധം വേർപ്പെടുത്തുകയോ അവൾ മരിക്കുകയോ ചെയ്താൽ ആദ്യ ഭർത്താവിലുള്ള മകളെ വിവാഹം ചെയ്യാവുന്നതാണ് എന്നർത്ഥം. അത് സൂക്തത്തിൽ തന്നെ സ്പഷ്ടമാക്കുന്നുമുണ്ട്. (കൂറ്റനാട്)

فتح الرحمن في تفسير القران

(മാതാവിന്റെ സഹോദരിമാരുടെ പുത്രിമാരെ കല്ല്യാണം കഴിക്കാനവില്ലെന്നും അവർ നമ്മുടെ സഹോദരിമാരാണെന്നും ചിലരുടെ ഇടയിലുള്ള ധാരണ തെറ്റാണ്. അവരെ കല്ല്യാണം കഴിക്കാവുന്നതും തൊട്ടാൽ വുളു മുറിയുന്നതുമാണ്)

നമുക്ക് ഹലാലാക്കിതന്നതിനെ സ്വീകരിക്കാനും ഹറാമാക്കിയതിനെ വെടിയാനും നഥൻ നമ്മെ തുണക്കട്ടെ ആമീൻ.


## ഇസ്‌ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണരംഗത്ത് സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്

# www.islamkerala.com



e-mail : abdulla_cherumba@yahoo.com

Mobile : 00971 50 7927429